## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2917** **22.6.2012-ൽ മറുപടിക്ക്**

**എ.ഡി.ബി. സഹായത്തോടെയുള്ള നഗരവികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, ലൂഡി ലൂയിസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) എ.ഡി.ബി സഹായത്തോടെ നഗരവികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) കെ.എസ്.യു.ഡി.പി തലത്തിൽ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും പദ്ധതി അവലോകനങ്ങളും, പുരോഗതി വിലയിരുത്തലും, നടത്തുന്നുണ്ട്. കാര്യക്ഷമമായ ഒരു MIS വികസിപ്പിച്ചെടുക്കാനുള്ള നടപടികളും പദ്ധതിയുടെ പുരോഗതി റിപ്പോർട്ടിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ സ്ഥലപരിശോധനയും, കൃത്യമായ ഇടവേളകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങളും നടത്തി വരുന്നു. ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടികളും, ബന്ധപ്പെട്ട എല്ലാപേർക്കുമുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.<br>കരാറുകാർക്കും, മറ്റു അനുബന്ധ സ്ഥാപനങ്ങൾക്കും വിവരങ്ങൾ അറിയുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം ഉന്നതരുടെ യോഗങ്ങൾ നിരന്തരമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, സർക്കാർ തലത്തിലും പദ്ധതി പുനരവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. എല്ലാറ്റിനുമുപരിയായി |

വിവരസാങ്കേതികവിദ്യയുടെ നൂതനവശങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി വിവരശേഖരണ സംവിധാനം എല്ലാപേർക്കും പ്രാപ്യമാകത്തക്ക വണ്ണം പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | മുൻ സർക്കാരിന്റെ കാലത്ത് അതിനായി എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായി; | ബി) | മുൻ സർക്കാരിന്റെ കാലത്ത് 24.21% ചെലവായിട്ടുണ്ട്. |
| സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ശതമാനം തുക ചെലവഴിച്ചു; | സി) | 2011 മേയ് മുതൽ നാളിതുവരെ 10.01% ചെലവഴിച്ചു. |
| ഡി) | തുക ചെലവഴിക്കാനുള്ള കാലപരിധി എന്നുവരെയാണ്; വിശദമാക്കുമോ ? | ഡി) | 2012 ജൂൺ വരെയായിരുന്നു കെ.എസ.യു.ഡി.പി പദ്ധതിയുടെ കാലാവധി. രണ്ടു വർഷം കൂടി പദ്ധതി കാലയളവ് (2014 ജൂൺ വരെ) നീട്ടുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ